(ബി) ഇലക്ട്രീഷ്യന്റെ തസ്തിക പുതുതായി അനുവദിച്ചിട്ടുണ്ട്. വേറെ തസ്തികകളും ഒന്നും പുതുതായി അനുവദിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) സാങ്കേതിക ജീവനക്കാരുടെ കൂടുതൽ തസ്തികകളും അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

മണ്ണന്തല ഗവ. പ്രസ്സിലെ ജനറൽ മാനേജരുടെ നിയമനം

1227 [2200] ശ്രീ. വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല ഗവൺമെന്റ് പ്രസ്സിലേക്ക് ഒരു ജനറൽ മാനേജരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തസ്തികയുടെ ശമ്പളനിരക്ക്, മറ്റു സേവന വേതന വ്യവസ്ഥകളും എന്നിവ വെളിവാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജിയിൽ ഡിപ്ലോമ/ഡിഗ്രിയും 10–12 വർഷത്തെ പരിചയവും 40 വയസ്സ് പ്രായവുമുള്ള ഒരാളെ 3 വർഷത്തേക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. കൂടാതെ മണ്ണന്തല പ്രസ്സിന്റെ പൂർണ്ണ ചുമതല വഹിക്കുവാനും ഉൽപ്പാദനക്ഷമത കൈവരിക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കുവാൻ പ്രാപ്തിയുമുള്ള ആളായിരിക്കണം. പ്രതിമാസം 4,000 രൂപ ശമ്പളമാണ് നിശ്ചയിച്ചിരിക്കുന്നത്.

മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ ഓഫ്സെറ്റ് മെഷീനുകൾ

1228 [2201] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ ആർ. എ. 1 സൈസ് മാത്രം അച്ചടിക്കുന്നതിനുള്ള സിംഗിൾ യൂണിറ്റ് ഓഫ്സെറ്റ് മെഷീനുകൾ എത്രയെണ്ണമുണ്ട്;

(ബി) ഇവ മുഴുവനും പ്രവർത്തിപ്പിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) ഒരു കളറിൽ മാത്രം അച്ചടി നടത്തുന്നതിനുള്ള ഈ മെഷീനുകൾ വാങ്ങുന്നതിനുള്ള സാങ്കേതിക ഉപദേശം സർക്കാരിനു നൽകിയതാരാണ്;

(ഇ) സിംഗിൾ യൂണിറ്റ് ഓഫ്സെറ്റ് മെഷീൻ വാങ്ങുന്നതിനു സർക്കാരിൽ നിന്നും എന്തു തുക ചെലവായിട്ടുണ്ട്?

ഉത്തരം

(എ) 10 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടില്ല.

(സി) ഓഫ്സെറ്റ് മെഷീന് ആവശ്യമായ പവ്വർ കണക്ഷൻ ഇതുവരെ ലഭിച്ചിട്ടില്ല. ഈ മെഷീനുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഓപ്പറേറ്റർമാരുടെ തസ്തികകൾ അനുവദിച്ചുകഴിഞ്ഞിട്ടില്ല. മെഷീനിന്റെ പ്ലേറ്റുകൾ നിർമ്മിക്കുന്നതിനുവേണ്ട യൂണിറ്റിന്റെ മെഷീനുകൾ ഇതുവരെ സ്ഥാപിച്ചുകഴിഞ്ഞിട്ടില്ല.

(ഡി) എച്ച്. എം. ടി. യുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് അവർ നൽകിയ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചാണ് ഈ മെഷീനുകൾ വാങ്ങിയിട്ടുള്ളത്.

(ഇ) തൊണ്ണൂറു ലക്ഷം രൂപ ചെലവായി.

ഗവൺമെൻറ് പ്രസ്സുകളിലെ സൂപ്രണ്ടുമാരുടെ തസ്തിക

1229 [2202] ശ്രീ. ടി. കെ. ഹംസ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് പ്രസ്സുകളിലെ സൂപ്രണ്ടുമാരുടെ തസ്തിക കഴിഞ്ഞ നാലു വർഷമായി ഒഴിവായി കിടക്കുന്നു എന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തപ്പെടും?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) സീനിയോറിറ്റി തർക്കം സംബന്ധിച്ച് ബന്ധപ്പെട്ട മൂന്ന് ഡെപ്യൂട്ടി സൂപ്രണ്ടുമാർ ഫയൽ ചെയ്ത കേസുകൾ ഹൈക്കോടതിയിൽ തീരുമാനമാകാതെ കിടക്കുകയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തീരുമാനം അറിഞ്ഞതിനുശേഷം മാത്രമേ ഒഴിഞ്ഞുകിടക്കുന്ന സൂപ്രണ്ടിന്റെ തസ്തിക നികത്തുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

ഗവൺമെൻറ് പ്രസ്സുകളിലെ ജീവനക്കാർ

1230 [2203] ശ്രീ. ടി. കെ. ഹംസ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെൻറ് പ്രസ്സുകളിൽ ഓരോന്നിലും എത്ര ജീവനക്കാർ വീതം ഉണ്ട്;

(ബി) ഓരോന്നിലും തസ്തിക തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly